**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1254** **04-07-2022 - ൽ മറുപടിയ്ക്ക്**

**ഒല്ലാൽ റെയിൽവേ മേൽപാല നിർമ്മാണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട ഒല്ലാൽ റെയിൽവേ ലെവൽക്രോസിൽ മേൽപാലം നിർമ്മിക്കുന്നതിനായുള്ള നടപടികളിൽ കാലതാമസമുണ്ടാകുന്നതിനിടയായ സാഹചര്യങ്ങൾ വിശദമാക്കാമോ ; | (എ) | കൊല്ലം ജില്ലയിലെ ലെവൽ ക്രോസ് നമ്പർ 554-ൽ പരവൂർ-ഒല്ലാൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്ന പദ്ധതി റെയിൽവേ 2006-2007 ബജറ്റിൽ ഉൾപ്പെടുത്തിയിരു- ന്നതിനെ തുടർന്ന് ആർ.ബി.ഡി.സി.കെ. പദ്ധതിക്കു വേണ്ട സർവ്വെ നടത്തി, ജനറൽ അറേജ്മെന്റ് ഡ്രോയിംഗ് (GAD) തയ്യാറാക്കി 28.01.2013 ൽ റെയിൽവേയിൽ സമർപ്പിച്ചു. റെയിൽവേ 02.12.2015ൽ ജി.എ.ഡി.ക്ക് അംഗീകാരം നൽകുകയും ചെയ്തു.<br><br>സ.ഉ(സാധാ)നം.771/2018/പൊ.മ.വ ഉത്തരവ് പ്രകാരം 27.04.2018 തീയതിയിൽ സർക്കാർ മേൽ പദ്ധതിയുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. തുടർന്ന് ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചതിൽ 36.75 കോടി രൂപയുടെ പദ്ധതിയ്ക്ക് 06.08.2020 ന് കിഫ്ബി അനുമതി നൽകി.<br><br>റെയിൽവേയുടെ പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് റിവൈസ്ഡ് ജനറൽ അറേജ്മെന്റ് ഡ്രോയിംഗ് (GAD) അംഗീകാരത്തിനായി 05.02.2021-ന് ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് സമർപ്പിച്ചു. എന്നാൽ റെയിൽവേയുടെ Work Plan-ൽ പ്രസ്തുത പദ്ധതി നിലവിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ആയതിനാൽ ഡെപ്പോസിറ്റ് വ്യവസ്ഥയിൽ മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയുകയുള്ളു എന്നും 02.06.2021 ൽ റെയിൽവേ നൽകിയ കത്തിൽ അറിയിക്കുകയുണ്ടായി. ആയതിനാൽ പദ്ധതി റെയിൽവേയുടെ 2022-23 Work Plan-ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചീഫ് ബ്രിഡ്ജ് എഞ്ചിനീയർ, സതേൺ റെയിൽവേ, |

| | | | |
|---|---|---|---|
| | | | ചെന്നൈ-യ്ക്ക് സർക്കാരിൽ നിന്നും കത്ത് നൽകുകയും ചെയ്തു.<br><br>എന്നാൽ ടി പദ്ധതി റെയിൽവേ വർക്ക് പ്ലാൻ 2022-23 ൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതിനാൽ 2023-24-ൽ റെയിൽവേ വർക്ക് പ്ലാനിൽ ടി പദ്ധതി ഉൾപ്പെടുത്തുവാൻ റെയിൽവേയോട് ആവശ്യപ്പെട്ടുവാൻ ആർ.ബി.ഡി.സി.കെ സമർപ്പിച്ച അപേക്ഷ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിനായുള്ള നടപടികളിലെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ